# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4743 19.05.2017 ന് മറുപടിയ്ക്ക്.

## വനങ്ങളിൽ ക്യാമറ സഹായത്തോടെയുള്ള നിരീക്ഷണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.ബാബു<br>ശ്രീ.ജോർജ്ജ് എം തോമസ്<br>ശ്രീ.പി.വി.അൻവർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്കിറങ്ങി നാശം വരുത്തുന്നതു തടയാനും മനുഷ്യർ വനങ്ങളിലേക്ക് അനധികൃതമായി പ്രവേശിച്ച് മൃഗങ്ങളെ വേട്ടയാടുന്നത് തടയാനും ക്യാമറ സഹായത്തോടെയുള്ള നീരീക്ഷണ സംവിധാനം വനാതിർത്തികളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) മനുഷ്യൻ വനങ്ങളിലേക്ക് അനധികൃതമായി പ്രവേശിച്ച് വനസമ്പത്ത് കൊള്ളയടിക്കുന്നത് തടയുക എന്ന ഉദ്ദേശത്തോടെ വയനാട്, മറയൂർ ഉൾപ്പെടെയുള്ള ചില ഭാഗങ്ങളിൽ അവശ്യം വേണ്ട സാഹചര്യങ്ങളിൽ ക്യാമറ സഹായത്തോടെ നിരീക്ഷണം നടത്തുന്നുണ്ട്. |
| (ബി) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് മൂലം കുടിവെള്ളവും ഭക്ഷണലഭ്യതയും കുറയുന്നത് പരിഹരിച്ച് വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിലേക്ക് ഇറങ്ങുന്നതു തടയാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് മൂലവും സംസ്ഥാനം നേരിടുന്ന കൊടും വരൾച്ച മൂലവും ജനവാസ കേന്ദ്രങ്ങളിലേക്ക് എത്തുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് വനത്തിനുള്ളിൽ ഭക്ഷണത്തിന്റേയും ജലത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ 1740 ജലസ്രോതസ്സുകൾ നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും ചെയ്ത് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം സംസ്ഥാനത്തെ വനമേഖലകളിൽ പലയിടങ്ങളിലായി മുളംതൈകൾ പുതിയതായി നട്ടു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഇക്കാര്യത്തിൽ ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം അറിയിക്കുമോ? | (സി) മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ജനജാഗ്രതാ സമിതികൾ തദ്ദേശ തലത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ച് ജനത്തെ സഹായിക്കുന്നു.<br>2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.<br>3. അടിയന്തിര സാഹചര്യങ്ങളിലും അല്ലാത്ത പക്ഷം ചുരുങ്ങിയത് 3 മാസത്തിൽ ഒരിക്കലെങ്കിലും യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.<br>4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.<br>5. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനംവകുപ്പിനെ സഹായിക്കുക.<br>6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക. |

(signature)

സെക്ഷൻ ഓഫീസർ